GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**23-06-2021**

## കാർഷികവാർത്തകൾ

1. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിലും കാലാവസ്ഥാധിഷ്ഠിതവിള ഇൻഷുറൻസ് പദ്ധതിയിലും കർഷകർക്ക് ജൂലൈ 31-ാം തീയതിയ്ക്ക് മുമ്പായി ചേരാവുന്നതാണ്.

www.pmfy.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായും, ഡിജിറ്റൽ സേവാകേന്ദ്രങ്ങൾ വഴിയും, തിരഞ്ഞെടുക്കപ്പെട്ട അക്ഷയകേന്ദ്രങ്ങൾ വഴിയും പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471–2334493** എന്ന നമ്പരിലോ, അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയുടെ **1800–425–7064** എന്ന ടോൾഫ്രീ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

**2. പശുഡയറി യൂണിറ്റുകൾക്ക് അപേക്ഷ ക്ഷണിച്ചു**

ക്ഷീരവികസന വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിലെ മിൽക്ക്ഷെഡ്ഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി) എന്ന പദ്ധതിയിൽപ്പെടുത്തി ക്ഷീരകർഷകർക്ക് 1 പശു ഡയറി യൂണിറ്റ്, 2 പശു ഡയറി യൂണിറ്റ് 5 പശു ഡയറി യൂണിറ്റ് കാലിത്തൊഴുത്ത് നിർമ്മാണ-നവീകരണ ധനസഹായം, ആവശ്യാധിഷ്ഠിത ധനസഹായം എന്നിങ്ങനെ വൈവിധ്യങ്ങളായ പദ്ധതി ധനസഹായത്തിന് പത്തനംതിട്ട ജില്ലയിൽ അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് ക്ഷീരവികസന ഓഫീസുകളുമായി ബന്ധപ്പെടേണ്ടതാണ്.

**3. അറിയിപ്പ്**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കേരള സർക്കാർ മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കുന്ന വാണിജ്യാടിസ്ഥാനത്തിലുള്ള ആട് വളർത്തൽ പദ്ധതിയിലേക്ക് ആടുവളർത്തലിൽ മുൻപരിചയമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 15 ആണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

**ഓൺലൈൻ പരിശീലനങ്ങൾ**

4. **തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ** വച്ച് ഇന്ന് എരുമവളർത്തൽ എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471-2732918, 9188522701** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക

5. ക്ഷീരവികസന വകുപ്പിന്റെ വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോടനുബന്ധിച്ചുള്ള 'തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്ര'ത്തിൽ വച്ച് ഈ മാസം 24 ന് **ആദായകരമായ പാലുൽപാദനത്തിന് തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ ക്ഷീരകർഷകർക്കായി ഗൂഗിൾ മീറ്റ് മുഖേന പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഇനി പറയുന്ന ഫോൺ നമ്പരിലോ ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ: **940083181,** ഇ-മെയിൽ: sfftraining2021@gmail.com.

**6.** തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 24,25 തീയതികളിൽ **മുട്ടക്കോഴി വളർത്തൽ** എന്ന

വിഷയങ്ങത്തിൽ സൗജന്യ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522711.**

7. **ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച്** ഈ മാസം 25 ന് ക്യാറ്റിൽ ഫാം മാനേജ്മെന്റ്, 30-ന് നായ്ക്കളിലെ പ്രത്യുത്പാദനവും പ്രജനന രീതികളും എന്നീ വിഷയങ്ങളിൽ ഗൂഗിൾമീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ള കർഷകർ **9188522708** എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

8. റബ്ബർ കൃഷിയിൽ റബ്ബർ ബോർഡ് ഈ മാസം 28 മുതൽ 30 വരെ രാവിലെ 10 മുതൽ 1 മണി വരെ മൂന്നു ദിവസത്തെ ഓൺലൈൻ പരിശീലനം നൽകുന്നു. നൂതന നടീൽ വസ്തുക്കൾ, നടീൽരീതികൾ, വളപ്രയോഗം, കീട -രോഗ നിയന്ത്രണം, ടാപ്പിംഗ്, തുടങ്ങിയവയാണ് ത്രിദിന പരിശീലന പരിപാടിയിലെ വിഷയങ്ങൾ. കൂടുതൽ വിവരങ്ങൾക്ക് 0481-2353127 എന്ന ഫോൺ നമ്പറിലോ 7994650941 എന്ന വാട്സ് ആപ്പ് നമ്പറിലോ ബന്ധപ്പെടുക.

9. **നെൽ കർഷകരുടെ ശ്രദ്ധയ്ക്ക്**

**വിരിപ്പ** കൃഷിയ്ക്കായുള്ള ഞാറ് നാലോ അഞ്ചോ ഇല പ്രായത്തിൽ പറിച്ചു നടാം. നെൽ വിത്ത് വെള്ളത്തിൽ കുതിർക്കുമ്പോൾ ഒരു കിലോ നെൽവിത്തിനു പത്ത് ഗ്രാം സ്യുഡോമോണാസ് എന്നതോതിൽ ചേർക്കുക. കൂടാതെ പറിച്ചു നടുമ്പോൾ ഇരുപതു ഗ്രാം സ്യുഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച തയ്യാറാക്കിയ ലായനിയിൽ വേര് അരമണിക്കൂർ മുക്കി വയ്ക്കുക. ഇതുവഴി നെല്ലിനെ ബാധിക്കുന്ന പോള രോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗം എന്നിവ ഒരു പരിധി വരെ തടയാം.